കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർ

120 [3129] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിൽ ആകെ എത്ര ജീവനക്കാരുണ്ട്; കാറ്റഗറി തിരിച്ച് വിവരം നൽകുമോ;

(ബി) ഇതിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർ എത്രയെന്ന് കാറ്റഗറി തിരിച്ച് വെളിപ്പെടുത്തുമോ;

(സി) കെ. എസ്. ആർ. ടി. സി.-യിലേയ്ക്ക് പി.എസ്.സി. തെരഞ്ഞെടുത്ത എസ്.സി./എസ്.റ്റി. റിസർവ്വ് ഡ്രൈവർമാരെ എം പാനൽ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ടോ; എങ്കിൽ എത്രപേരെയാണ് നിയമിച്ചിട്ടുള്ളത്;

(ഡി) 240 ഡ്യൂട്ടി ചെയ്തുകഴിഞ്ഞ എസ്.സി./എസ്.റ്റി. എം പാനലിൽ ഉള്ള ഡ്രൈവർമാരെ സ്ഥിരപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ജീവനക്കാരുടെ കാറ്റഗറി തിരിച്ചുള്ള പട്ടിക ഇതോടൊപ്പം ചേർത്തിരിക്കുന്നു.†

(ബി) പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ കാറ്റഗറി തിരിച്ചുള്ള പട്ടിക

കണ്ടക്ടർ	..	1554
ഡ്രൈവർ	..	645
മിനിസ്റ്റീരിയൽ	..	287
മെക്കാനിക്കൽ	..	434
ഇൻസ്പെക്ടർ, സ്റ്റേഷൻ മാസ്റ്റർ, വെഹിക്കിൾ/ഹെഡ് വെഹിക്കിൾ സൂപ്പർവൈസർ	..	60
ആകെ	..	2980

(സി) ഉണ്ട്. 363 പേരെ അപ്രകാരം നിയമിച്ചിട്ടുണ്ട്.

(ഡി) ഇല്ല. പി.എസ്.സി. വഴി നിയമിച്ച താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതുസംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള കേസുകളിൽ ഉണ്ടാകുന്ന തീർപ്പിന് വിധേയമായി നടപടി സ്വീകരിക്കുന്നതാണ്.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly